**19U231** (Pages: 2) Name……………………

Reg No…………………..

**SECOND SEMESTER B.A/B.Sc./B.S.W. DEGREE EXAMINATION, APRIL 2020**

(CBCSS - UG)

**CC 19U MAL02 A08(1) – മലയാളസാഹിത്യം II**

(Malayalam - Common Course)

(2019 Admission - Regular)

Time: 2 ½ hours. Maximum: 80 Marks

Credit: 4

**I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്ക് വീതം.**

1. 'മാമകപ്രേമം നിത്യമൂകമായിരിക്കട്ടെ' ഇങ്ങനെ ചിന്തിക്കുന്നതാര്? കാരണമെന്ത് ?
2. കുതിരക്കൊമ്പ് തേടി സൂതകുമാരൻ അലഞ്ഞത് എവിടെയൊക്കെയാണ് ?
3. യുദ്ധത്തിൽ പരാജയപ്പെട്ട പരശുരാമൻ അംബയോട് എന്താണ് പറഞ്ഞത് ?
4. ഇരുപതാംനൂറ്റാണ്ടിന്റെ തുടക്കത്തിലെ കേരളീയ സാമൂഹികരംഗം എപ്രകാരമായിരുന്നു ?
5. "പോമളവദ്ദേഹത്തിൻ മുഖവും വിവർണ്ണമായ് " - സന്ദർഭം വ്യക്തമാക്കുക?
6. സംപ്രീതനായ അച്ഛനിൽനിന്നും പരശുരാമൻ നേടിയ വരമെന്തായിരുന്നു ?
7. "ഏകകാര്യമഥവാ ബഹൂത്ഥമാം<br>ഏകഹേതു ബഹുകാര്യകാരിയാം" - വരികൾ വ്യാഖ്യാനിക്കുക ?
8. 'മൃത്യു ബോധത്തിന്റെ കവി' എന്നറിയപ്പെടുന്നതാര് ? കാരണമെന്ത് ?
9. "ഓർമ്മകൾ തിങ്ങി ഞെരുങ്ങിയ ആ ചുളിവുകൾ നിവർന്നു തുടങ്ങും" എപ്പോൾ ?
10. നോവൽ എന്ന പുതിയ രൂപത്തിന്റെ സ്വീകരണത്തിലൂടെ ആഖ്യാന ഭാഷയ്ക്ക് ചന്തുമേനോൻ നൽകിയ മാറ്റമെന്ത് ?
11. "ഇന്നുപഴയ പാഠങ്ങൾ മുടിയ്ക്കുക ;<br>ഇന്നു പുതിയ പാഠങ്ങൾ വിതയ്ക്കുക" - വരികൾ വ്യാഖ്യാനിക്കുക.
12. രാജലക്ഷ്മിയുടെ മരണത്തെക്കുറിച്ച് കെ.പി.അപ്പൻ സൂചിപ്പിക്കുന്നതെന്ത് ?
13. ശകുന്തളോപാഖ്യാന കർത്താവിന്റെ പ്രധാനലക്ഷ്യം എന്തായിരുന്നു ?
14. നായകനായ ദിവാകരനെ കുമാരനാശാൻ 'നളിനി'യിൽ എപ്രകാരമാണ് അവതരിപ്പിച്ചിരിക്കുന്നത് ?
15. അംബ പുണ്യാശ്രമത്തിൽ എത്തിയതിന്റെ ഉദ്ദേശ്യമെന്ത് ?

**(പരമാവധി 25 മാർക്ക്)**

**II. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 5 മാർക്ക് വീതം.**

16. അമ്മയെ കുളിപ്പിക്കുമ്പോൾ എന്തെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കണമെന്നാണ് കവി പറയുന്നത് ?
17. പരശുരാമന്റെ യുദ്ധതീരുമാനത്തെക്കുറിച്ച് കുട്ടികൃഷ്ണമാരാർ എന്താണ് അഭിപ്രായപ്പെടുന്നത് ?
18. ഇടപ്പള്ളിയുടെ ആത്മഹത്യ തത്വചിന്താപരമായ ഒരു പ്രശ്നമായി നോക്കിക്കാണണമെന്ന് കെ .പി .അപ്പൻ അഭിപ്രായപ്പെടുന്നത് എന്തുകൊണ്ട് ?
19. “കുന്ദവല്ലി വനഭൂവിൽ നിൽക്കിലും
    കുന്ദമാണതിനു കാന്തി വേറെയാം” സൂചിതമെന്ത് ? വിശദമാക്കുക.
20. മഹാഭാരതത്തിലെ ശാകുന്തളംകഥയും കാളിദാസന്റെ ശാകുന്തളം നാടകവും തമ്മിലുള്ള വ്യത്യാസം എന്ത് ?
21. വിയർപ്പും ചെഞ്ചോരയും തിങ്ങിയ വേഷത്തോടെ ലോകർ വന്ന് കവിയോട് ചോദിച്ചതെന്ത് ?
22. ‘പുത്തൻചൊല്ല്’ എന്ന കവിതയുടെ ആശയം വ്യക്തമാക്കുക ?
23. ‘മരണത്തെ സ്വാഗതം ചെയ്യുന്ന കവിയെ മണിനാദം എന്ന കവിതയിൽ കാണാം’ ഈ അഭിപ്രായത്തെ വിശകലനം ചെയ്ത് വിവരിക്കുക ?

**(പരമാവധി 35 മാർക്ക്)**

**III. ഏതെങ്കിലും രണ്ട് ചോദ്യത്തിന് മൂന്നുപുറത്തിൽ കവിയാതെ ഉപന്യസിക്കുക.**

24. കാളിദാസനും കാലത്തിന്റെ ദാസൻ തന്നെയാണെന്ന് മുണ്ടശ്ശേരി സ്ഥാപിക്കുന്നതെങ്ങനെയെന്ന് വ്യക്തമാക്കുക.
25. ‘സൂര്യകാന്തി‘ എന്ന കവിതയിലെ സ്നേഹസങ്കല്പത്തെക്കുറിച്ച് വിവരിക്കുക.
26. സ്ത്രീജീവിതത്തിന്റെ വ്യത്യസ്തകാലഘട്ടങ്ങളെ മിത്തുകളിലൂടെ, ചരിത്രത്തിലൂടെ അന്വേഷിക്കുകയാണ് ‘സ്ത്രീയില്ലാത്ത മാതൃഭൂമി’ എന്ന ലേഖനം. ഈ അഭിപ്രായത്തെ വിശകലനം ചെയ്യുക ?
27. ‘അന്ധനായ ദൈവത്തെപ്പോലെ മേൽക്കോയ്മയുടെ രൂപങ്ങൾ ഭിന്നതലത്തിൽ ആവിഷ്കരിക്കപ്പെടുകയായിരുന്നു നോവലുകളിൽ’ - എഴുത്തും അധികാരവും എന്ന ലേഖനത്തെ മുൻനിർത്തി ഈ അഭിപ്രായത്തെ സ്ഥാപിക്കുക ?

**(2 × 10 = 20 മാർക്ക്)**

*******